*No. 22/Est/2017*

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

**Phone : 0471-2324951**
**0471-2325071**
**TeleFAX:0471-2324951**
**email: celsgd@gmail.com**
**website: www.celsgd.com**

**നം: ഇ6/1231131/ഡി.എ.3/2017/സിഇ/തസ്വഭവ.** **തീയതി: 16.03.2017**

## *സർക്കുലർ*

വിഷയം: തസ്വഭവ-(എൻജിനീയറിംഗ് വിഭാഗം)- ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് പ്രത്യേകപാക്കേജ്-വിവധ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് -തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിലേക്കായി

വികേന്ദ്രീകൃത സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26.03.2014-ൽ ചേർന്ന യോഗത്തിൽ ഇടുക്കി ജില്ലയിലെ വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്ന, സംസ്ഥാനത്തെ ഏകഗോത്രവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിലെ ആദിവാസി വിഭാഗത്തിൽ പെട്ടവരുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ ചർച്ചചെയ്ത് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം ഇടമലക്കുടി, വട്ടവട, അട്ടപ്പാടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ താൽപ്പര്യമുള്ള ജീവനക്കാരെ കണ്ടെത്തി സ്ഥിരനിയമനം നടത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ മേൽ പഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സാമൂഹിക പ്രതിബദ്ധതയുള്ള ജീവനക്കാരിൽ നിന്നും(അസിസ്റ്റന്റ് എൻജിനീയർ, ഫസ്റ്റ് ഗ്രേഡ് ഓവർസീയർ, സെക്കന്റ് ഗ്രേഡ് ഓവർസീയർ, തേർഡ് ഗ്രേഡ് ഓവർസീയർ) ഇടമലക്കുടി, വട്ടവട, അട്ടപ്പാടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സേവനം അനുഷ്ഠിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. 10.04.2017-നുള്ളിൽ അപേക്ഷ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ് എന്നറിയിക്കുന്നു.

ഇത്തരത്തിൽ വകസനോന്മുഖമായ സാമൂഹിക പ്രവർത്തനം കൂടി ലക്ഷ്യമാക്കി സർക്കാർ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ഗുഡ് സർവ്വീസ് എൻട്രി, സർക്കാർ അനുമതിയോടുകൂടി അടിസ്ഥാന ശമ്പളത്തിൽ നിശ്ചിത ശതമാനം അനുവദിച്ച് നൽകുന്നതിന് ശുപാർശ, നിശ്ചിത കാലയളവുകളിൽ (കുറഞ്ഞത് മൂന്ന് വർഷം) ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്നവർക്ക് സൗകര്യപ്രദമായ സ്ഥലംമാറ്റം നൽകൽ എന്നീ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതുമാണ് എന്നും അറിയിക്കുന്നു.

**ചീഫ് എൻജിനീയർ**

S.645